E 2414 (Pages : 3) Reg. No.....

Name.....

B.Com. (Model I) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2011

First Semester

Additional Language—Malayalam

കഥയും കവിതയും

Time : Three Hours Maximum Weight : 25

നിർദ്ദേശങ്ങൾ :

എ വിഭാഗത്തിലെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

ബി വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്കും സി,ഡി വിഭാഗങ്ങളിൽ നിന്ന് യഥാക്രമം **നാല്, രണ്ട്** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

എ വിഭാഗം

ശരിയായതു തെരഞ്ഞെടുത്തെഴുതുക.

I. 1 നീർമാതളം പുത്ത കാലം രചിച്ചത് :

(ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി, സാറാജോസഫ്, സുഗതകുമാരി)

2 നദിയും തോണിയും ആരുടെ കൃതിയാണ് ?

(എം. മുകുന്ദൻ, ഒ.വി. വിജയൻ, പി.പി.രാമചന്ദ്രൻ, ടി. പദ്മനാഭൻ)

3 കവിയുടെ കാല്പാടുകൾ ആരുടെ ആത്മകഥയാണ് ?

(നന്തനാർ, പി. കുഞ്ഞിരാമൻനായർ, സി.വി. ശ്രീരാമൻ, എം. എൻ. പാലൂർ)

4 പപ്പൻ ഏത് കഥയിലെ കഥാപാത്രമാണ് ?

(പെൺബുദ്ധി, പൊതിച്ചോറ്, റബ്ബർ, നദിയും തോണിയും)

II. 5 "വരുമെന്നു ചൊല്ലി നീ
ഘടികാര സൂചിതൻ
പിടിയിൽ നില്ക്കുന്നില്ല കാലം"
—ആരുടെ വരികൾ ?

(കടമ്മനിട്ട, അക്കിത്തം, സുഗതകുമാരി, അയ്യപ്പപ്പണിക്കർ)

6 "ഈ ധ്യാനമുഹൂർത്തവും സ്വീകരിക്കുക,
കാലാതീതമാം കടലേ"
—ഏതു കവിതയിൽ ?

(പട്ടാമ്പിപ്പുഴ മണലിൽ, കടമ്മനിട്ട, രാമേശ്വരം കടൽ, ഇലകൾ കൊഴിയുന്നു)

7 ഒരു പെണ്ണിൻ ജന്മവും കൊണ്ടൊരു ലോറി കയറിപ്പോയതു കണ്ടു— ആരുടെ വരികൾ ?

(ഡി. വിനയചന്ദ്രൻ, പി.പി. രാമചന്ദ്രൻ, പ്രമീളാദേവി, അയ്യപ്പപ്പണിക്കർ)

Turn over

8 "ഞാനീ വഴിയിലൊരിത്തിരി നേരമിരുന്നെൻ
കണ്ണു തിരുമ്മിക്കോട്ടെ"
—എവിടെ ?
(പുഴത്തീരത്ത്, കടൽത്തീരത്ത്, കടമ്മനിട്ടയിൽ, മലമുകളിൽ)

III. ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക :

9 ഇവിടെയുണ്ടായിരുന്നതിന്നോർമ്മയായ് . . . ?

10 പൂർവ്വ സ്മരണയിലാഹ്ലാദത്തിൻ ലോകത്തെത്തും—എന്ത് ?

11 ഇവിടം ജീവിത സംഗ്രാമത്തിൻ
ചുടലക്കളമോ ചുടുനീർക്കുളമോ—എവിടം ?

12 ഇലാസ്റ്റിക്ക—ഏതു കഥയിൽ ?

IV. 13 'ഹോട്ടല് തുടങ്ങുമ്പോൾ അവിടേക്കുള്ള മുഴുവൻ പപ്പടവടയും ഞാൻ സപ്ലൈ ചെയ്യണമെന്ന് ' —ഏതാണ് സന്ദർഭം ?

14 വിവാഹിതയാവുന്നതുവരെ ഞാൻ കന്യകയായിരുന്നു—ഈ വാക്കുകൾ കേട്ടിട്ടും സുഭദ്രയുടെ ഭർത്താവ് ദുഃഖിതനായതെന്ത് ?

15 'ഇത് ഭ്രാന്തു തന്നെയാണ്, ചികിത്സയില്ലാത്ത ഭ്രാന്ത് ! '—എന്തിനെക്കുറിച്ചാണ് പരാമർശിക്കുന്നത് ?

16 'ഈ സ്കൂളിന്റെ ഭരണാധികാരിയായ ഞാനാണിതു ചെയ്തത്'—ചെയ്ത പ്രവൃത്തിയെന്ത് ?

(4 × 1 = 4)

ബി വിഭാഗം

അമ്പതു വാക്കിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

17 പ്രധാനാധ്യാപകൻ മാനേജർക്കെഴുതിയ കത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത് ?

18 കുഞ്ഞുലക്ഷ്മിയുടെ കത്തിൽ എന്താണ് എഴുതിയിരുന്നത്, അത് മൂന്നാമതു തവണ വായിക്കുമ്പോൾ എന്തെല്ലാം അർത്ഥഭേങ്ങളാണ് സാഹചര്യം വരുത്തിയത് ?

19 സാറാമ്മയുടെ കാര്യത്തിൽ വിലാസിനി പറഞ്ഞതെന്ത്, അത് ശരിയായതെപ്പോൾ ?

20 ഇപ്പോൾ ബോംബെയിൽ വലിയ തിരക്കൊന്നുമില്ല. അതുകൊണ്ട് ഈ മഴക്കാലം തീരുന്നതുവരെ . . . അയാൾ ഇങ്ങനെയൊരു തീരുമാനത്തിലെത്താൻ കാരണമെന്ത് ?

21 ടൂറിസ്റ്റു കേന്ദ്രത്തെക്കുറിച്ച് പരമേശ്വരന്റെ സ്വപ്നങ്ങളെന്തൊക്കെയായിരുന്നു ?

22 നദിയും തോണിയും എന്ന കഥ മുന്നോട്ടു വെക്കുന്ന ആശയമെന്താണ് ?

23 മെക്കാളെയുടെ മകൾ—പ്രമേയം ചുരുക്കിയെഴുതുക.

24 റാന്തൽ വെളിച്ചം—ആക്ഷേപഹാസ്യമോ ?

(5 × 1 = 5)

സി വിഭാഗം

നൂറു വാക്കിൽ കവിയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

25 മാധവിക്കുട്ടിയുടെ ആഖ്യാന സവിശേഷതകൾ—നഷ്ടപ്പെട്ട നീലാംബരിയിൽ.

26 വൈകാരികാംശങ്ങളിൽ മാധവിക്കുട്ടിയും ടി. പത്മനാഭനും സമാനമണ്ഡലങ്ങൾ പങ്കിടുന്നുണ്ടോ ? —പരിശോധിക്കുക.

27 പൊതിച്ചോറ് എന്ന കഥ കേവലം ഒരു മോഷണകഥ മാത്രമല്ല—മറ്റേതെല്ലാം തലങ്ങളിലേക്ക് പ്രസ്തുത കഥയെ വ്യാപിപ്പിക്കാമെന്ന് പരിശോധിക്കുക.

28 സ്ത്രീപുരുഷബന്ധത്തെക്കുറിച്ച് വിലാസിനി എന്ന കഥാപാത്രം പുലർത്തി വന്ന ധാരണകളെ വിമർശനദൃഷ്ട്യാ വിലയിരുത്തുക.

29 സുഗതകുമാരി കവിതകളുടെ ഏതെല്ലാം പ്രത്യേകതകൾ 'പാവം മാനവഹൃദയത്തിൽ' അടയാളപ്പെടുത്താൻ കഴിയും ?

30 ലാളിത്യമാണ് പി.പി രാമചന്ദ്രന്റെ കവിതകളുടെ മുഖമുദ്ര എന്നാൽ ആവിഷ്കരിക്കപ്പെടുന്ന ആശയങ്ങളാവട്ടെ അത്ര ലളിതമല്ല താനും—ഈ പ്രസ്താവന ശരിയാണോ എന്ന് പരിശോധിക്കുക.

$(4 \times 2 = 8)$

ഡി വിഭാഗം

ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് നാനൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

31 കാലഘട്ടം കഥാഖ്യാനങ്ങളെ ഏപ്രകാരമെല്ലാം ബാധിക്കുന്നു എന്ന് പഠിക്കാനുള്ള കഥകളെ ആസ്പദമാക്കി കണ്ടെത്തുക.

32 ആധുനികതയുടെ സവിശേഷതകൾ ആവോളം നിലനിർത്താൻ ശ്രമിക്കുന്ന കവികളാണ് അയ്യപ്പപ്പണിക്കരും കടമ്മനിട്ടയും—സോദാഹരണം സമർത്ഥിക്കുക.

33 ആദ്യവായനയിൽ അസംബന്ധമെന്നു തോന്നാവുന്ന കഥകൾ ആധുനിക കഥകളിൽ ധാരാളമായി കാണാം. ആവിഷ്കരിക്കപ്പെടുന്ന ആശയങ്ങളുടെ ഭാരമാണവയ്ക്ക് അസംബന്ധ പ്രതീതി ഉണ്ടാകുന്നത് —പ്രതികരിക്കുക.

$(2 \times 4 = 8)$